**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1042** **31-01-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് പ്ലാൻ പദ്ധതി, നബാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ആയതുപ്രകാരം തോടുകളിലും നീർച്ചാലു കളിലും അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കം ചെയ്യുന്നുണ്ട്. ജലാശയങ്ങളിൽ നിന്നും നീക്കം ചെയ്യുന്ന എക്കലുപയോഗിച്ച് പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം, ഉയരംകൂട്ടൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ആയതുമൂലം വെള്ളപ്പൊക്കം ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും ജലനിർഗ്ഗമനം സുഗമമാക്കുന്നതിനും സാധിക്കുന്നു. |
| (ബി) | കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് വിവിധ ആറുകളിലും തോടുകളിലും അടിഞ്ഞു കൂടി കിടക്കുന്ന മണ്ണും എക്കലും നീക്കം ചെയ്യുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് പ്ലാൻ പദ്ധതി, നബാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ജലാശയങ്ങളിലെയും തോടുകളിലെയും എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നു. എക്കൽ ഉപയോഗിച്ച് പാടശേഖരത്തിന്റെ പുറംബണ്ട് സംരക്ഷണവും ഉയരം കൂട്ടലും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ